**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 202 — 26.9.2011 ൽ മറുപടിയ്ക്ക്

## റേഷൻ കടകൾ വഴി കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ബി. അബ്ദുൾ റസാക് ; | | ശ്രീ. റ്റി.എം. ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | റേഷൻ കടകൾ വഴി 300 രൂപയുടെ അവശ്യസാധനങ്ങൾ 150 രൂപയ്ക്ക് നൽകുന്ന പദ്ധതി ഇപ്പോൾ നടന്നു വരുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ | എ) ഇല്ല. പദ്ധതിയുടെ ചെലവിന്റെ 75% സംസ്ഥാന സർക്കാരും 25% കേന്ദ്ര സർക്കാരും വഹിക്കുന്നതിനാണ് ഉദ്ദേശി ച്ചിരുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടില്ല. |
| ബി) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പദ്ധതിക്ക് നടപ്പുവർഷം എത്ര തുകയാണ് ആദ്യ ബജറ്റിൽ നീക്കി വച്ചിരുന്നതെന്ന് വെളിപ്പെടു ത്തുമോ ; | ബി) 300 രൂപ വിലയുള്ള സാധനങ്ങൾ 150 രൂപയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കുന്നതിന് 100 കോടി രൂപ നീക്കി വയ്ക്കുന്നതായി 2011 ഫെബ്രുവരിയിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നു. ബഡ്ജറ്റ് വിഹിതമായി 80.25 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. |
| സി) | ഈ പദ്ധതിയുടെ ഉദ്ഘാടനം നടത്തി യിരുന്നോ ; എങ്കിൽ ഉദ്ഘാടന ച്ചടങ്ങിന് എന്തു തുക ചെലവായി ; | സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 14.2.11 ന് നടത്തുകയുണ്ടായി. ഉദ്ഘാടന ചടങ്ങുകൾക്ക് 1,09,318/- രൂപ ചെലവായി. |
| ഡി) | വിലക്കുറവിൽ അവശ്യസാധനങ്ങൾ സാധാരണക്കാർക്ക് റേഷൻ കട വഴി നൽകുന്നതിനുള്ള പുതിയ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | ഡി) & ഇ) ഉണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| ഇ) | ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ